# വിരൽത്തുമ്പിൽ

ഗവ. ഹയർ സെക്കന്ററി സ്കൂൾ ചിറ്റാർ
ലിറ്റിൽ കൈറ്റ്സ് ക്ലബ് തയാറാക്കിയ ഡിജിറ്റൽ മാഗസിൻ



## ഷീല കെ. വി ,ഹെഡ്മിസ്ട്രസ്

## ആമുഖം

മലയോര പ്രദേശമായ ചിറ്റാറിനെ സാംസ്കാരിക അഭിവൃദ്ധിയിലൂടെ നയിക്കുന്നതിൽ നിർണായക സ്ഥാനമാണ് ചിറ്റാർ ഗവ.ഹയർ സെക്കന്ററി സ്കൂളിനുള്ളത് .1940 -ൽ ലോർ പ്രൈമറി സ്കൂളായി ആരംഭിച്ച് ഹയർ സെക്കന്ററി സ്കൂളായി ഉയർന്നിട്ടുള്ള ഈ വിദ്യാലയം ചിറ്റാറിന്റെ സാംസ്കാരികവും വൈജ്ഞാനികവുമായ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചുകൊണ്ട് മുന്നേറുന്നു .ഈ സ്കൂളിന്റെ ചരിത്രത്തിൽ മറ്റൊരു നാഴിക കല്ലായി മാറുകയാണ് 'ലിറ്റിൽ കൈറ്റ്സ് 'എന്ന സംരംഭം .2018 ജനുവരിയിൽ ബഹു .കേരളമുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ കേരള വിദ്യാഭ്യാസമേഖലക്കു സമർപ്പിച്ച ഈ പദ്ധതി ചിറ്റാർ ഗവ.സ്കൂൾ ഇരു കൈയും നീട്ടി സ്വീകരിക്കുകയും മികച്ച പ്രവർത്തനം തുടരുകയും ചെയ്യുന്നു .

'ലിറ്റിൽ കൈറ്റ്സ് 'എന്ന പദ്ധതി വഴി വിദ്യാർത്ഥികൾക്ക് വിവര സാങ്കേതിക വിദ്യയിൽ താല്പര്യവും അറിവും വർദ്ധിപ്പിക്കാനും അതുവഴി ദൈനം ദിന ജീവിതത്തിലെ നിരവധി അനവധി മേഖലകളിൽ പ്രാവീണ്യം നേടാനും സഹായകമാകുന്നു .അനിമേഷൻ, പ്രോഗ്രാമിങ് തുടങ്ങി റോബോട്ടിക്സ് ,സൈബർ സുരക്ഷ വരെ നീളുന്ന മേഖലകളിൽ പരിശീലനം നൽകി വിദ്യാർത്ഥികൾക്ക് പുസ്തകത്താളുകളുടെയും ക്ലാസ്സ് മുറികളുടെയും പുറമെയുള്ള വിശാലമായ ഒരു ലോകത്തിലേക്കുള്ള വാതിലുകളാണ് തുറന്നു കൊടുക്കപ്പെടുന്നത്.വിദ്യാഭ്യാസ മേഖലയിൽ രാജ്യാന്തര നിലവാരം പുലർത്തുന്ന കേരളത്തിന്റെ കിരീടത്തിൽ മറ്റൊരു പൊൻതൂവലാണ് ലിറ്റിൽ കൈറ്റ്സ്



# ഉള്ളടക്കം


നമ്മൾ തോൽപ്പിച്ച പ്രളയം..........................................................................
കേരള സംസ്കാരം.................................................................................
കേരളത്തിന്റെ കലാരൂപങ്ങൾ.....................................................................
പഴഞ്ചൊല്ലുകൾ...................................................................................
എന്റെ ബാല്യം....................................................................................
വിദ്യാഭ്യാസം പ്രാധാന്യം.........................................................................
വായനയിലൂടെ അറിവിൻ ആകാശത്തേക്ക്...................................................
അന്ന് പെയ്ത മഴയിൽ...........................................................................
സ്ത്രീ അമ്മയാണ്..................................................................................
മഴ...................................................................................................
നോബേൽ 2018.....................................................................................
മായാത്ത ഓർമ്മകൾ..............................................................................
ഒരു യാത്രാമൊഴി.................................................................................
ഒന്നാണ് നമ്മൾ....................................................................................
ഫിഫ ലോകകപ്പ് 2018............................................................................
പൂമരം..............................................................................................
ജലമാലിന്യം.......................................................................................
വാർമുകിലിൻ മഴയേ.............................................................................
बुरांस.................................................................................................
തിരകൾ.............................................................................................
Adieu Stan Lee....................................................................................
Ability................................................................................................
Grammar rules....................................................................................
വേരറ്റ മരം.........................................................................................
യഥാർത്ഥ തിളക്കം...............................................................................
രാജകുമാരിയായ പെൺകുട്ടി....................................................................
ശാന്തമല്ല കടൽ...................................................................................
അറിവരങ്ങ്.........................................................................................
ജലസംഭരണികൾ ജീവധാരകൾ..................................................................
ശബരിമല ശ്രീധർമ്മ ശാസ്താ ക്ഷേത്രം........................................................
2018 Kerala Floods..............................................................................


ഐശ്വര്യ സുനിൽ 9.C

# നമ്മൾ തോൽപ്പിച്ച പ്രളയം

വെള്ളമിറങ്ങും , കാലം മുന്നോട്ടു പോകും . പലരും പലതും മറക്കും .എന്നാൽ ബാലരമ സൂക്ഷിച്ചുവെക്കുന്ന പ്രായമാകുമ്പോൾ ,കഥ ഓർത്തുവെക്കുന്ന കാലമാകുമ്പോൾ ഓർമ്മയുടെ ചരിത്രത്തിൽ നിന്നും ഓർത്തുവെച്ചു അടുത്ത തലമുറയോട് നമ്മൾ ആ കഥ പറയണം .മഴ നിർത്താതെ പെയ്ത ദിവസങ്ങളെ കുറിച്ച് ,ഡാമുകൾ ഒന്നൊഴിയാതെ തുറന്നു വിട്ട സമയത്തെ കുറിച്ച് ,നാട് മുങ്ങിയ കാലത്തെകുറിച്ചു നമ്മൾ പറയണം .പോലീസ് ഇറങ്ങിയ കാലം ,പട്ടാളം ഇറങ്ങിയ കാലം .നമ്മൾ ഒറ്റകെട്ടായി മുന്നിട്ടിറങ്ങിയ കാര്യത്തെ കുറിച്ച് .എല്ലാരും ഒത്തുപിടിച്ചിട്ടും പറ്റാതെ വന്നപ്പോൾ മൽസ്യ - തൊഴിലാളികളുടെ സഹായം തേടിയത് .അവർ രക്ഷിച്ച ജീവനുകളുടെ കാര്യം ,അവർ നമ്മുടെ സൂപ്പർ ഹീറോ ആയ കാര്യം ,എല്ലാം പറയണം .ജീവൻ രക്ഷിക്കാനുള്ള ഓട്ടത്തിന്റെ കാര്യം ,രക്ഷപ്പെടുത്തിയ ജീവനുകളുടെ കാര്യം ,അവർ നമ്മുടെ സൂപ്പർ ഹീറോ ആയ കാര്യം , ഉത്തരവാദിത്തത്തെ ക്കുറിച്ച് ,കണ്ണ് നിറച്ച സഹായങ്ങളെക്കുറിച്ച് ഒക്കെ .അന്ന് ഇവിടെ ജാതിയും മതവും ഇല്ലായിരുന്നു വലിയവനും ചെറിയവനും ഇല്ലായിരുന്നു ,മനുഷ്യർ മാത്രമേ ഉണ്ടായിരുന്നുള്ളു .ആ കഥ ഇങ്ങനെ പറഞ്ഞു അവസാനിപ്പിക്കണം .നിങ്ങൾ ആരെയെങ്കിലും സഹായിച്ചിട്ടുണ്ടോ ?ഭക്ഷണം എത്തിച്ചു കൊടുത്തിട്ടുണ്ടോ ? ഒന്ന് കൈപിടിച്ച് റോഡ് കടത്തി വിട്ടിട്ടുണ്ടോ ?ഇല്ലെങ്കിൽ തുടങ്ങണം എങ്കിൽ നമുക്ക് അഭിമാനത്തോടെ പറയാം ഞങ്ങൾ പ്രളയത്തെ തോൽപ്പിച്ച് നവകേരളം സൃഷ്ടിച്ച സുമനസുകളുടെ നവ കേരളം .



നസ്രീൻ ,9 C

# കേരള സംസ്കാരം

സാംസ്കാരികവൈവിധ്യത്തിന്റെ സ്വന്തം നാടാണ കേരളം.വ്യത്യസ്തമതങ്ങളും ജനവിഭാഗങ്ങളും പ്രാദേശികസംസ്കൃതികളും ഭാഷാഭേദങ്ങളും കൂടിച്ചേർന്നുണ്ടാകുന്ന വൈവിധ്യാത്മകമായ സമഗ്രതയാണ് കേരളസംസ്കാരം.പല നിറമുള്ള മുത്തുകൾ കോർത്തുകെട്ടിയ ഒരു മാലയോട് അതിനെ ഉപമിക്കാം. മലയാളഭാഷയാണ് ആ മാലയുടെ നൂൽ. അറബിക്കടലിനും മഴക്കാടുകൾ നിറഞ്ഞ സഹ്യാദ്രി (പശ്ചിമഘട്ടം) പർവ്വതനിരകൾക്കുമിടയിലുള്ള ഭൂമിശാസ്ത്രപരമായ സ്ഥാനവും പൗരാണികമായ വിദേശവ്യാപാരബന്ധങ്ങളും പലകാലങ്ങളിലായി ഉണ്ടായിട്ടുള്ള കുടിയേറ്റങ്ങളും കാർഷികസംസ്കൃതിയും ഭക്ഷണരീതിയും കലാ-സാഹിത്യ-ശാസ്ത്രപാരമ്പര്യങ്ങളും ചേർന്നാണ് കേരളത്തിൻറെ സാംസ്കാരികവൈവിധ്യം സൃഷ്ടിച്ചത്.

പൗരാണികകാലം തൊട്ട് കേരളം സവിശേഷമായ സാംസ്കാരികമേഖലയായി നിലനിന്നുവെങ്കിലും രാഷ്ട്രീയമായ ഏകരൂപമായിത്തീർന്നതു കേരളസംസ്ഥാനത്തിന്റെ രൂപവത്കരണത്തോടെയാണ്. തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളും ബ്രിട്ടീഷുഭരണത്തിനു കീഴിലുള്ള മദ്രാസ്പ്രസിഡൻസിയിലെ മലബാർജില്ലയുമായി വേർതിരിഞ്ഞുകിടന്ന കേരളം 1956 നവംബർ ഒന്നിന് ഒറ്റസംസ്ഥാനമായി മാറി. കിഴക്കും തെക്കും തമിഴ്നാട്ടും വടക്കും വടക്കുകിഴക്കും കർണ്ണാടകവും പടിഞ്ഞാറ് അറബിക്കടലുമാണ് കേരളത്തിന്റെ അതിർത്തികൾ. അറബിക്കടലിലുള്ള കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപും പുതുച്ചേരിസംസ്ഥാനത്തിന്റെ കേരളത്തിനുള്ളിൽ കിടക്കുന്ന എൻക്ലേവായ മയ്യഴി(Mahe)യും ഭാഷാപരമായും സാംസ്കാരികമായും കേരളസംസ്കാരത്തിൻറെ ഭാഗമാണ്.

നൂറ്റാണ്ടുകളുടെ പഴക്കമുള്ളതാണ് കേരളത്തിന്റെ സാംസ്കാരികപൈതൃകം. തനതായ കലകൾ, ഭാഷ, സാഹിത്യം, വാസ്തുശില്പരീതി, സംഗീതം, ഉത്സവങ്ങൾ, ഭക്ഷണരീതി, പുരാവസ്തുസ്മാരകങ്ങൾ, പൈതൃകകേന്ദ്രങ്ങൾ എന്നിവയെല്ലാം ചേർന്നതാണ് കേരളസംസ്കാരം. ഇവയുടെ സംരക്ഷണത്തിനു വേണ്ടി ഒട്ടേറെ സാംസ്കാരികസ്ഥാപനങ്ങളും കേരളത്തിലുണ്ട്.

# പഴഞ്ചൊല്ലുകൾ

1 ആനയ്ക്ക്ഒരു കാലം വന്നാൽ പൂച്ചയ്ക്കും ഒരു കാലം വരും .

2 ആനമെലിഞ്ഞാലും തൊഴുതിൽ കെട്ടാൻ ആകില്ല

3 ആ ട് കിടന്നിടത്തു പൂട കാണും

4 ആറ്റിൽ പോയാലും നായ നക്കിയേ കുടിക്കൂ

5 അച്ചിക്കു ഇഞ്ചി പക്ഷം , നായർക്ക് കൊഞ്ച് പക്ഷം .

6 അടയ്ക്ക മടിയിൽ വെയ്ക്കാം , അടക്ക മരമോ ?

7 അല്പന് ഐശ്വര്യം വന്നാൽ അർദ്ധ രാത്രിയിലും കുട പിടിക്കും .

8. കാക്ക കുളിച്ചാൽ കൊക്കാകില്ല

9 അണ്ടിയോടു അടുക്കുമ്പോലെ മാങ്ങായുടെ പുളിപ്പ് അറിയൂ

10 അങ്ങാടിയിൽ തോറ്റതിന് അമ്മയുടെ നേരെ

11 അടി തെറ്റിയാൽ ആനയും വീഴും

12 അഴകുള്ള ചക്കയിൽ ചുളയില്ല

കവിത



ആഫിയ റഷീദ് ,9. C

## എന്റെ ബാല്യം

എൻ ഓർമ്മയിൽ എത്തുന്ന
എന്റെ ബാല്യം
നിറപ്പകിട്ടുകളായി എത്തുന്ന
എന്റെ ബാല്യം ....

ഓർക്കുന്നു ഞാൻ എന്റെ ബാല്യം
എത്ര സുന്ദരമായിരുന്നു എന്റെ ബാല്യം
ഓടി കളിച്ചു നടന്നനൊരു കാലം .

മറക്കാൻ ആകാത്ത ഒരു ഓർമയായി
ഇന്നും ഞാൻ ഓർക്കുന്നു
എന്റെ ബാല്യം ....
കൊഴിഞ്ഞുപോയ ആ കാലം
ഇനി ഒരിക്കലും തിരിച്ചു വരില്ല
വരും കാലം എങ്ങനെയെന്ന് കരുതി
ഞാൻ ഏകാന്തതയിലേക്ക് നോക്കി നിന്നു
കളിച്ചു നടന്ന ആ പ്രായം ഒരിക്കലും
മറക്കാനാവില്ല ....
മായാതെ എൻ ഓർമ്മകളിൽ
കൊത്തിതിങ്ങി നിൽക്കുന്നു എന്റെ ബാല്യം .

ലേഖനം




മന്യ മനോജ്,9.A

# വിദ്യാഭ്യാസം _പ്രാധാന്യം

പുതുതലമുറയെ വാർത്തെടുക്കുന്നതിന് ഏറ്റവും പ്രധാന്യം അർഹിക്കുന്ന ഒന്നാണ് വിദ്യാഭ്യാസം. കുട്ടികൾക്ക് അറിവ് പകരുന്നതിനും അവരുടെ സംസ്കാരംനിലനിർത്തുന്നതിനും സ്കൂൾതലം മുതലുള്ള വിദ്യാഭ്യാസം ആവശ്യമാണ്. എല്ലാതരത്തിലുള്ള കുട്ടികൾക്കും ചേർന്ന് ഇരുന്നു പഠിക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു പഠന കേന്ദ്രമാണ് സ്കൂൾ അഥവാ പള്ളിക്കൂടങ്ങൾ. ബ്രിട്ടീഷുകാർ ഇന്ത്യയിൽ അനേകം സ്കൂൾ പണിയുകയും അവരുടെപഠനരീതിഇവിടെപ്രാവർത്തികമാക്കുകയുംചെയ്തു. അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്നുള്ള ഒരു കുടുംബമാണ് സ്കൂൾ . സാന്മാർഗിക കഴിവുകളെ വർധിപ്പിക്കുന്നതിന് വിദ്യാഭ്യാസമേഖല പ്രധാന്യം നൽകുന്നു.

ലേഖനം



ജിതിൻ പി അനു,9.C

## വായനയിലൂടെ അറിവിൻ ആകാശത്തേക്ക്..

അനുഭവിച്ചറിയാൻ കഴിയുന്നതിനെക്കാൾ കൂടുതൽ വായിച്ചറിയാൻ കഴിയും . വായന നമുക്ക നൽകുന്ന കരുത്ത് വലുതാണ് . വായനയിലൂടെ ക ത്തിയ നല്ല കഥാപാത്രങ്ങൾ നമ്മെ ചിന്തിക്കാൻ പ്രേരിപ്പിക്കും .

മഹത്തുക്കളുടെ ജീവചരിത്രം നല്ല മനുഷ്യരാകാൻ നമുക്ക് പ്രചോദനമാക്കും . നല്ലമനുഷ്യരുടെ ജീവചരിത്രങ്ങൾ വായിച്ച കുട്ടിയും അവയൊന്നും വായിക്കാത്ത കുട്ടിയും ഒരുപോലെയാവില്ല തീർച്ച .

പാഠഭാഗങ്ങൾ മാത്രമല്ല അറിവിന്റെ ശേഖരങ്ങൾ ,അവയ്ക്കു പുറത്തുമുണ്ട് വായിക്കാൻ ഏറെ .ഓരോ പാഠവും പഠിക്കുമ്പോൾ അധിക വായനക്കുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ നിന്ന് ശേഖരിക്കണം നിങ്ങളുടെ സ്കൂൾ ലൈബ്രറിയിൽ എത്ര പുസ്തകങ്ങൾ ഉണ്ട് ?അതിൽ എത്രയെണ്ണം നിങ്ങൾ വായിച്ചു ?വായനയ്ക്കായി ഒരു പദ്ധതി തയാറാക്കുക .വായനാനുഭവങ്ങളുടെ കുറിപ്പുകൾ ക്ലാസ്സിൽ അവതരിപ്പിക്കാം ആശയങ്ങൾ കൂട്ടുകാരുമായും അധ്യാപകരുമായും പങ്കുവെയ്ക്കണം .നന്നായി എഴുതുവാനുള്ള കഴിവ് പരിശ്രമത്തിലൂടെ ആർജിക്കാനാകും .

അറിവുള്ളവർക്കേ ലോകത്തെ നയിക്കാനാവൂ ....

കഥ



ഷെറിൻ ജോസഫ് ,9.C

# അന്ന് പെയ്ത മഴയിൽ ..

മഴ തോർന്നിരുന്ന .എങ്കിലും മാനം ചിണുങ്ങുന്നുണ്ടായിരുന്ന ചിതയിൽ നിന്ന് പുകച്ചുരുളുകൾ ഉയരുന്നതേ ഉള്ളായിരുന്ന വാടക കൊടുക്കാത്ത ആ ഒറ്റ മുറി വീട്ടിൽ രണ്ടു പെൺ ജന്മങ്ങൾ തീർത്തും നിസ്സഹായരായിരുന്ന സങ്കടത്തിന്റെ കനലുകൾ എരിയുന്ന ആ രാത്രിയിൽ ചേർന്ന് കറയാനെ അമ്മയ്ക്കും മകൾക്കും കഴിയുമായിരുന്നുള്ളൂ

ഇത് കൂലിപ്പണിക്കാരനായ സദാനന്തൻ രാധയുടെയും രേണുകയും വീട് .ദരിദ്രമെങ്കിലും സ്നേഹം കൊണ്ടവർ സമ്പന്നരായിരുന്നു. രേണുക മിടുമിടുക്കിയാണ് .അവളെ ഡോക്ടറാക്കാൻ വേണ്ടിയാണ് ആ മാതാപിതാക്കൾ ജീവിക്കുന്നത് .ഇന്ന് അമ്മയും മകളും ഒറ്റയ്ക്കാണ് .ഇന്നലെ വേരെ കൂടെയുണ്ടായിരുന്ന അച്ഛൻ ഇന്ന് അവരോടൊപ്പം ഇല്ല .അന്നൊരു ബുദ്ധനായിരുച്ച ആയിരുന്ന .രേണുകയുടെ എൻട്രൻസ് ക്ലാമിൻറെ റിസൾട്ട് അറിയുന്ന ദിനം .രാവിലെ ആളുകൾ ആ വാർത്ത പത്രത്തിലുണ്ടു രേണുകയ്ക്ക് ഒന്നാം റാങ്ക് .ആ വിജയം ആ ഗ്രാമം ഏറ്റെടുത്തു .

എന്നാൽ ഇതൊന്നും അറിയാതെ സന്താനന്തൻ പണിചെയ്യുകയാണ് ഉച്ചയായപ്പോൾ രേണുവിന്റെ ഫോണിൽ ഒരു കാൾ വന്നു ഫോണെടുത്തു കാതോട് ചേർത്ത അവൾ ആ വാർത്ത കേട്ടു തരിച്ചു നിന്നുപോയി അച്ഛൻ ഹോസ്പിറ്റലിൽ ആണെന്നും എത്രയും വേഗം ചെല്ലണമെന്നും അവൾ അമ്മയോട് പറഞ്ഞു .അവർ ഹോസ്പിറ്റലിൽ എത്തി ഐ.സി .യു വിനു നേർക്ക് നടന്നു .അവരുടെ മുൻപിലൂടെ സ്ട്രെച്ചറിൽ വെള്ള പുതപ്പിച്ച ഒരു ശരീരം കൊണ്ടുപോയി .കാറ്റടിച്ച് തുണി പറന്നപ്പോൾ രേണു കണ്ടത് എല്ലാമെല്ലാമായിരുന്ന തന്റെ അച്ഛന്റെ മുഖം വീട്ടിൽ കൊണ്ടുവന്നു ശവസംസ്കാരത്തിനു ശേഷം അവളോട് സതാനന്ദന്റെ കൂടെ ജോലി ചെയ്തിരുന്ന തോരിലാളികൾ അത് പറഞ്ഞു

'പണിചെയ്തുകൊണ്ടിരുന്നപ്പോൾ വലിയ മഴയായിരുന്നെന്നും തങ്ങളെല്ലാം വിശ്രമിക്കാൻ കയറിയെന്നും മകളുടെ പഠനത്തെ പറ്റിയോർത്തു സദാനന്ദൻ വിശ്രമിക്കാൻ കൂട്ടാക്കിയിരുന്നില്ലെന്നും കനത്ത മഴയായിരുന്നതിനാൽ മണ്ണിടിഞ്ഞു അയാളുടെ മേൽ വീണെന്നും ഹോസ്പിറ്റലിൽ എത്തിക്കുമ്പോഴേക്കും മരിച്ചെന്നും .'

അന്നാദ്യമായി രേണു ഡോക്ടറാകണമെന്നുള്ള തന്റെ ആഗ്രഹത്തെ ശപിച്ചു .താൻ കാരണമാണെല്ലോ അച്ഛൻ മരിച്ചതെന്ന് അവൾ ഓർത്തു .ഇന്ന് ആ വീട്ടിൽ അവർ അനാഥരാണ് .സങ്കടങ്ങളുടെയും ദുരിതങ്ങളുടെയും ബാക്കിപത്രമായി ആ മഴ തോരാതെ നിൽക്കുന്നു .ഒരു പെരുമഴയായി .......

ലേഖനം

# സ്ത്രീ അമ്മയാണ്



ഹർഷ വി. IX.B

എവിടെയാണോ സ്ത്രീ ആദരിക്കപ്പെടുന്നത് അവിടെ ഐശ്വര്യമുണ്ടാകുന്നുവെന്ന് സ്ത്രീ വിദ്വേഷത്തിന് പേര് കേട്ട മനുസ്മൃതിക്കാരൻ പോലും പറഞ്ഞിട്ടുണ്ട്. സ്ത്രീയെ അമ്മയായും, ദേവിയായും, ശക്തിസ്വരൂപിണിയായും ആദരിക്കുകയും പൂജിക്കുകയും ചെയ്യുന്ന നാടാണ് നമ്മുടേത്. ശതരൂപ മനു, അർദ്ധ നാരീ സങ്കൽപ്പം എന്നിവയിലെല്ലാം സ്ത്രീത്വം മുഖത്വം നേടുന്നത് നമുക്ക് കാണാം. ഐശ്വര്യത്തിന്റെയും, വിദ്യയുടെയും, ശക്തിയുടെയും പ്രതീകങ്ങൾ സ്ത്രീയാണ്. ഭക്തി, ശാന്തി, ശക്തി, മേധ ദയ, ക്ഷമ, ശ്രീ, ശ്രുതി, ബുദ്ധി, ശ്രദ്ധ തുടങ്ങിയ സദ്ഗുണങ്ങളെല്ലാം സ്ത്രീ ലിംഗ പദങ്ങളാണ്.

സാമൂഹികമായി കേരളത്തിലെ സ്ത്രീകൾ ലോക ശരാശരിയിൽ നിന്നും പൊതു ഇന്ത്യൻ അവസ്ഥയിൽ നിന്നും ഉയർന്ന് നിൽക്കുന്നതായി ജനസംഖ്യാ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകളാണിവിടെ. സ്ത്രീകൾക്കെതിരെ നടക്കുന്ന അക്രമങ്ങൾ കൂടുന്നു. ഇത്തരം പ്രവണതകളെ നാം നിരുൽസാഹപ്പെടുത്തേണ്ടതുണ്ട്. “സ്ത്രീ അമ്മയാണ്, ഭാര്യയാണ്, സഹോദരിയാണ്. ഈ പ്രപഞ്ചത്തിൽ തുടിക്കുന്ന ജീവനും പിടയുന്ന ജീവനും കൊതിക്കുന്ന മനസ്സിനും വേണ്ടി വാർത്തെടുത്ത ഒരേ ഒരു സൃഷ്ടി

കവിത

# മഴ

ജെഫി സാറാ അനിൽ
IX.C

പൂക്കുന്ന തൈമാവിൻ ചില്ലകളും
നിരന്നാടുന്ന കൈതോലക്കൂട്ടങ്ങളും
കാറ്റിൽ ചാഞ്ചാടിയാടും വയൽപ്പൂക്കളും
മഴപ്പെണ്ണിൻ കുളിരേറ്റ് വാങ്ങുന്നുവോ...
പുഴ മേലെ ഓളങ്ങൾ അണയുന്നുവോ...
മല മുകളിലെ ഉറവയായൊഴുകുന്നുവോ...
നിന്റെ സ്മൃതി ഗീതം അലകളായ് തഴുകീടുമ്പോൾ
എന്റെ ഗതകാല സ്മരണകൾ ഉണരുന്നിവോ...
മഴയൊരു ഗീതമാകുന്നുവോ...
എൻ മനമൊരു മയിലായ് ആടുന്നുവോ...
നീളുന്ന ചെമ്മണ്ണിൻ പാതകളിൽ
മഴനീര് നുഴയുന്ന നാഗത്തെ പോൽ...
ദൂരെ...
മഴനീര് നുഴയുന്ന നാഗത്തെ പോൽ...

# നോബേൽ 2018

**സമാധാനം** **ഡോ. ഡെനിസ് മുക്വെഗി** **നാദിയ മുറാദ്**





**സാമ്പത്തികം** **വില്യം ഡി നോർഡ് ഹൗസ്** **പോൾ എം. റോമർ**





**രസതന്ത്രം** **ഫ്രാൻസസ് എച്ച് അർനോൾഡ്** **ജോർജ്ജ് പി സ്മിത്ത്** **സർ ഗ്രിഗറി പീ വിന്റർ**








**ഭൗതിക ശാസ്ത്രം** **ആർതർ ആഷ്കിൻ** **ഷറാദ് മൊറു** **ഡോണ സ്ട്രിക്ലന്റ്**







**വൈദ്യശാസ്ത്രം** **ജയിംസ് അലിസൺ** **തസുക്കു ഹോൻജോ**



**കവിത**



അഭിജിത്ത് പി.എസ

# <u>മായാത്ത ഓർമ്മകൾ</u>

ഒരു ചെറു പുഞ്ചിരിപോലെയെൻ
മാനസപ്പൊയ്കയിലെങ്ങോ വിരിഞ്ഞു നീ കൂട്ടുകാരി
ഒരു മഴത്തുള്ളിപോലെ കുളിരുകൾ തന്നു നീ
കനവിതലൊരു നേരമോമനിക്കാൻ

നിന്റെ മനോഹരനയനത്തിൽ വിരിയുന്ന
പൂവിന്റെ ഇതളുകൾ കാണുവാനായ്
കാത്തിരിക്കാമെന്റെ കൂട്ടുകാരി
ഓളങ്ങൾ തഴുകുന്ന പുഴയുടെ മിഴിപോലെ

ഇനിയുള്ള കാലം മരണം വരെയും നാം
പിരിയില്ലയെന്നൊരു വാക്കുമതി
സ്നേഹത്തിൽ ചാലിച്ച നിൻ പദങ്ങൾ
കൂടെയുണ്ടെപ്പൊഴും

വേർപാടൊരു നൊമ്പരമായെന്റെ
മനസ്സിൽ നിറയുന്ന നിമിഷങ്ങളിൽ
കൂട്ടിനായ് നമ്മുടെ ഓർമ്മകളുണ്ടാകും
കനവിൽ, ഒരു നേരമോർത്തിരിക്കാൻ

കഥ

# ഒരു യാത്രാമൊഴി

ഗുരുപ്രിയ പി.എസ്.

മഴയത്ത് ഒരു കുടയും ചൂടി അവൾ നിൽക്കുന്നുണ്ടായുരുന്നു... ബസ് വളവ് തിരിഞ്ഞതും ദൂരെ നിന്നു തന്നെ അവളുടെ സാരിയുടെ മുന്താണി കാറ്റിൽ അലകൾ ഉതിർക്കുന്നത് എനിക്ക് വസിലിരുന്ന് തന്നെ കാണാമായിരുന്നു. എനിക്കിഷ്ടമുള്ള മാമ്പഴ മഞ്ഞ നിറമുള്ള ആ സാരിയിൽ അവൾ ഏറെ നാളുകൾക്ക് ശേഷം എന്നെ കാണാൻ വരണമെന്ന് പറഞ്ഞു. അവൾ കത്തയക്കുമ്പോൾ... ഇത്രയും കാലം , ഏഴു വർഷത്തോളം, മനസ്സിൽ കൊണ്ടുനടന്ന എന്റെ പ്രണയം ഇന്ന് അവളുടെ മുഖത്ത് നോക്കി പറയാൻ തീരുമാനിച്ചാണ് ഞാൻ വണ്ടി കേറിയതും ബസിൽ നിന്നും ഞാനിറങ്ങിയത് തന്നെ, അവളെ കണ്ണിമ ചിമ്മാതെ നോക്കി കൊണ്ടാണ്. അവളുടെ മുഖത്ത് ഒരു തരം ശാന്തത ആയിരുന്നു....... ആ പച്ചപ്പ് നിറഞ്ഞ വയലേലകളിലൂടെ ഞങ്ങൾ നടന്നു തുടങ്ങി.... ഞങ്ങൾക്കേറെ പ്രിയമുള്ള നനുത്ത ആ ചാറ്റൽ മഴയിൽ നടക്കുമ്പോൾ എന്റെ ഉള്ളിൽ പ്രണയം ഉടുക്ക് കൊട്ടുന്ന പോലെ.
ഞാൻ നടത്തം നിർത്തി അത് കണ്ടു  അവളും നിന്നു. ഒരു നോട്ടത്തിൽ ഞാനവളെ കോരിയെടുക്കുകയായിരുന്നു എന്ന തന്നെ പറയാം....അത്രമാത്രം  തീവ്രാനുരാഗം....പ്രീഡിഗ്രി മുതൽ ഒരേ ക്ലാസ്സിൽ ബിരുദാനന്തര ബിരുദം വരെ കൊണ്ട് നടന്ന ആ അനുരാഗം അതാണിന്നു വെളിപ്പെടുനൊരുങ്ങുന്നത്.
അനുകൂലിക്കാനെന്ന പോലെ ഒരു കാറ്റ് ആഞ്ഞ് വീശി.  മഴയുടെ ആക്കം കൂടി.  അവളുടെ കുട കാറ്റത്തു പൊങ്ങി മടങ്ങി.  അവൾ കുട ചുരുക്കി ബാഗിനുള്ളിൽ വച്ചു, എന്നിട്ട് നടന്നു തുടങ്ങി. പിറകെ ഞാനും മഴത്തുള്ളികൾ ഞങ്ങളെ നനയിച്ചു കൊണ്ടിരുന്നു. അവൾ പറഞ്ഞു തുടങ്ങി, "എന്റെ മനസ്സമ്മതമാണ് അടുത്ത ആഴ്ച നീ വരണ്ടേ. ഇത്

നമ്മുടെ അവസാന കൂടിക്കാഴ്ച ആണ്. ഇവിടെ വച്ച് നമ്മൾ പിരിയുന്നു. ഇനി ഒരിക്കലും കാണരുത്, കണ്ടാലും മിണ്ടാൻ ശ്രമിക്കരുത് ". ഞാൻ എന്റെ മരണം മുന്നിൽ കണ്ടവനെപ്പോലെ ഒന്ന് പകച്ച് പോയി. മഴയുടെ ശക്തി കൂടിയിരുന്നു. അവളുടെ മുഖം കാണാൻ വയ്യായിരുന്നു. ഞാൻ മുന്നിൽ കേറി അവളുടെ മുഖം എന്റെ കൈകളിൽ കോരി എടുത്തു. ഒരേ ഒരു ചോദ്യം. "ഇപ്പോൾ എന്റെ കൂടെ അഗ്രഹാരത്തിലേക്ക് വരാൻ നീ തയ്യാറാണോ?

അവൾ എന്റെ കൈകൾ പതിയെ എടുത്ത് മാറ്റി. എന്നിട്ട് പറഞ്ഞു"നീ നിന്നെ മറക്കരുത്. നിന്റെ സമുദായം എന്നെ ഒരിക്കലും അംഗീകരിക്കില്ല. ഒരു ക്രിസ്ത്യാനി പെൺകുട്ടിയെ സ്വീകരിച്ചാൽ നിന്റെ സഹോദരിമാർ, ഒരു തെറ്റും ചെയ്യാത്ത അവരുടെ ഭാവി? ഇല്ല, ഞാൻ അതാഗ്രഹിക്കുന്നില്ല. ഈ സ്നേഹം മരിക്കുവോളം ഇങ്ങനെ തന്നെ നമ്മുടെ ഹൃദയത്തിൽ ഇരുന്ന് കൊള്ളട്ടെ".

കവിത

## ഒന്നാണ് നമ്മൾ...



ഒരു ജാതി ഒരു മതം ദൈവം മനുഷ്യൻ തുണയായ
നാട് എൻ കേരള നാട്. മതമില്ല മറയില്ല നിറമില്ല
ഈ നാട്ടിൽ സ്നേഹമാം സമ്പത്ത് മാത്രമുള്ളൂ...
എന്നാൽ മനുഷ്യന് എല്ലാം തികഞ്ഞതിൽ

**ധാർഷ്ട്യമുണ്ടുള്ളിലെന്നാകിലോ!!!**

ഗായത്രി കൃഷ്ണ എസ്. IX.B

**അതിനു പകരമായ് പ്രളയമാം ആപത്ത്
കേരളനാട്ടിലേക്കാഞ്ഞടിച്ചു. കുറ്റബോധത്തിന്റെ
നീറുന്ന ഹൃദയമായ് മാനവഹൃദയമിന്നൊറ്റയായി.
മാനവലോകമേ... മാനുഷ്യലോകമേ...
അറിവിൻ പ്രളയത്തിൻ ഇരയായ് മാറിയോ...
ചുട്ടുപൊള്ളിക്കുന്ന നീറുന്ന ഹൃദയമായ്
മാനവലോകർ അലഞ്ഞു തിരയുന്നു.
എന്തുണ്ട് സാഹസം കാട്ടി നീ മാനുഷാ ഭൂമിയാം
അമ്മയേ ആക്രമിക്കാൻ?
പരിഹാരമായ് തിരിച്ചടിയുടെ ബലവുമായ്
പ്രളയമാം ആപത്ത് വന്ന് ചേർന്നു...
ഇനിയുമെങ്കിലും പഠിക്കില്ലേ മാനവാ
പ്രളയമാം ആപത്തിൻ അറിവുകളേ...
എന്തൊരു ലോകമിതെന്തൊരു ലോകം
പ്രളയം തകർത്തത് പാവങ്ങളേ...
ധനികരാം മനുഷ്യർ ചെയ്ത പ്രവർത്തിയിൽ
തെറ്റ് ചെയ്യാത്തവർ അടിമയായി...
ഇനിയെങ്കിലും പാഠമാക്കുക മാന്യരേ, അറിവിൻ പ്രളയത്തിൻ
ഇരയാണ് നമ്മൾ...
ഒന്നിച്ച് പോരാടൂ പ്രളയത്തിനെതിരേ
കൈകോർത്ത് മുന്നേറാം ഒറ്റയായ്...
ഒന്നാണ് നമ്മളിന്നൊന്നാണ് നമ്മൾ...
തിരിച്ചടിയാണ് യഥാർത്ഥ ബലം.
ഇനിയും വരില്ല... ഇനിയും വരില്ല...
തടയും നാം പ്രളയമാം ആപത്തിനെ...**

**അറിവരങ്ങ്**

# ഫിഫ ലോകകപ്പ് 2018




| | |
|---|---|
| **ജേതാക്കൾ** | **ഫ്രാൻസ്** |
| **റണ്ണറപ്പ്** | **ക്രൊയേഷ്യ** |
| **മൂന്നാം സ്ഥാനം** | **ബെൽജിയം** |
| **ഫൈനൽ വേദി** | **ലുഷ്കിനി സ്റ്റേഡിയം, റഷ്യ** |
| **ഗോൾഡൻ ബോൾ** | **ലൂക്ക മോഡ്രിച്ച് (ക്രൊയേഷ്യ)** |
| **ഗോൾഡൻ ബൂട്ട്** | **ഹാരി കെയ്ന് (ഇംഗ്ലണ്ട് 6 ഗോൾ)** |
| **ഗോൾഡൻ ഗ്ലൗ** | **തിബോ കോർട്ടോ (ബെൽജിയം)** |
| **മികച്ച യുവതാരം** | **കിലിയൻ എംബപെ (ഫ്രാൻസ്)** |
| **ഫെയർ പ്ലേ അവാർഡ്** | **സ്പെയിൻ** |

**കവിത**

# പൂമരം

സുബി തോമസ്
IX . B



**ഒരു മരമാകണം...
ചില്ലകൾ വിടർത്തി ഇലകൾ
പൊഴിക്കാതെ തണലേകണം...
പൂക്കൾ നിറച്ചു കാറ്റ് പിടിച്ചു മഴ
പെയ്യണം... വിഷം കുടിച്ചിറക്കി
പ്രാണവായു ദാനം നൽകണം...
കിളികൾക്ക് കൂടൊരുക്കി ഉഷസ്സുണർത്തണം...
വേരുകൾ ആഴത്തിലറക്കി ബന്ധങ്ങൾ തിരയണം...
വിത്തുകൾ മുള പൊട്ടിച്ച് ഭൂമിക്കലങ്കാരമാകണം...
രാത്രിയുടെ മറവിൽ നിലാവ്
പെയ്തു നിഴൽ ചിത്രങ്ങൾ തീർക്കണം...
പച്ച പുതച്ച് അരുണോദയം കണ്ട്...
മഞ്ഞിൽ കുളിച്ച്... തേൻ
കനിഞ്ഞ് പൂമണം തൂകി...
ഒരു മരമാകണം...
മഴു തിന്നാത്ത പൂമരം...**

# ജലമാലിന്യം

നസ്റിൻ എസ്സ്
IX. C

കേരളത്തിലെ 80% കിണറും മലിനമാണെന്നാണ് സംസ്ഥാന സർക്കാറിന്റെ പരിസ്ഥിതി ധവള പത്രത്തിലെ കണക്ക്. വിസർജ്യ വസ്തുക്കളിൽ കാണപ്പെടുന്ന ബാക്ടീരിയകളാണ് കിണറുകളിൽ നിറഞ്ഞിരിക്കുന്നത്.




തീരപ്രദേശത്തെ ഭൂഗർഭ ജലത്തിൽ ഉപ്പ് രസത്തിന്റെ അളവ് ക്രമാതീതമായി വർധിച്ചു. പാലക്കാട്, ആലപ്പുഴ ജില്ലകളിലെ ഭൂഗർഭ ജലസ്രോതസ്സുകളിൽ അമിത തോതിൽ ഫ്ലൂറൈഡ് കണ്ടെത്തി. വ്യവസായ മാലിന്യങ്ങളും കീടനാശിനികളും ജലാശയത്തിലേക്ക് ഒഴുകി ഇറങ്ങിയതോടെ കുട്ടനാട്ടില തണ്ണീർത്തടങ്ങളും വേമ്പനാട്ട്കായലിലും ശുദ്ധജല തടാകങ്ങളിലും ഓക്സിജൻ സാന്നിധ്യം അപകടകരമായ നിലയിൽ കുറയുന്നു.

**കവിത**

# വാർമുകിലിൻ മഴയെ....

**സ്നേഹിത് എസ്സ് ദാസ്**



**മഴയേ മഴയേ വാർമുകിലിൻ മഴയേ**

**ഇടവപ്പാതി നിൻ പരിവേഷമല്ലയോ**

**അത്യുജ്ജ്വല പ്രഭയാൽ കത്തിയെരിയും ഭൂമി തൻ**

**കുളിർ മഴയേകാൻ നീ വരികില്ലേ...**

**നിന്റെ അനുരാഗ സ്പർശത്താൽ ഭൂമി**

**തൻ കൃപ ചൊരിഞ്ഞിടുന്നു.**

**മഴയേ മഴയേ വാർമുകിലിൻ മഴയേ**

**വരുമോ നീ എൻ സാമ്രാജ്യ ഭൂമിയിൽ**

**വരുമോ നീ എൻ ഹൃദയത്തിൻ കോണിൽ**

**നീയാണ് സർവ്വവും... നീയാണ് ശീതവും...**

**Indira Devi R**

**HSA Hindi**



# बुरांस



हिमालय की चोटी में
आज बुरांस खिलते है
बिछाकर सुन्दर लालिमा
पौधे सब नाचते है
डूब कर शानदार रंग में
खड़ा रहा है हिमालय



**കവിത**

# തിരകൾ



അഫ്സാന അഹമ്മദ്
IX.D

തിരയായ് ആതിരയായ്
കുളിരാതിര മാലകളായ്
ആരെയോ തേടുന്ന തിരമാലകൾ
അലമാലകൾ അക്കരെയിക്കരെ...

അഗാധ നീലിമ തൻ ആഴങ്ങളിൽ നിന്ന്
ചിപ്പിയും മുത്തും പവിഴപ്പൂവ് കൊണ്ട്
ആർത്തമായ് അണയുന്ന തിരമാലകൾ
തേടിയെത്തുന്നു ഹൃദയത്തിന്നാഴത്തിൽ
മറ്റൊരു കടലായ് മാറുമ്പോൾ

കരയുടെ സ്വന്തമായ്...
കടലിന്നു സ്വന്തമായ്...
കാണാക്കാഴ്ചയായ് കൗതുകമായ്...
തിരയായ് ആതിരയായ്
കുളിരാതിരയായ് നിറയുന്നു...
സ്നേഹക്കടൽ നിറയുന്നു
മാനവ ഹൃദയത്തിൽ...

# ADIEU...



## STAN LEE

(28 December 1922 - 12 November 2018)

Stan Lee, the creative dynamo who revolutionized the comic book and helped make billions for Hollywood by introducing human frailties in Marvel superheroes such as Spider-Man, the Fantastic Four and the Incredible Hulk, died Monday. He was 95.Lee was declared dead at Cedars-Sinai Medical Center in Los Angeles, according to Kirk Schenck, an attorney for Lee's daughter, J.C. Lee.As the top writer at Marvel Comics and later as its publisher, Lee was widely considered the architect of the contemporary comic book. He revived the industry in the 1960s by offering the costumes and action craved by younger readers while insisting on sophisticated plots, college-level dialogue, satire, science fiction, even philosophy.Millions responded to the unlikely mix of realistic fantasy, and many of his characters, including Spider-Man, the Hulk and X-Men went on to become stars of blockbuster films. He won the National Medal of Arts in 2008.

Recent projects Lee helped make possible range from the films "Avengers: Infinity War," "Black Panther" and "Guardians of the Galaxy" to such TV series as "Agents of S.H.I.E.L.D" and "Daredevil." Lee was recognizable to his fans, having had cameos in many Marvel films and TV projects, often delivering his trademark motto, "Excelsior!"



Poem

Afsal Najeeb

# ABILITY

I once read a pretty story
about a girl, wished for an ability.
That she could forget the past,
hurting and haunting...
of cursing words...
It's finished...
Her memories vanished in a while...
I wish sometimes,
I too want the ability...
to give my tears soaked,
mascara stained pillow a break.



Easy English...

# GRAMMAR RULES

SUBJECT - The person or thing in a sentence that does an action.
example: My father mailed the letter.

PREDICATE - The part of the sentence that contains the action or state of being (verb).
example: My sister and I walked home after school.

OBJECT - The person or thing affected by the action of the subject.
example: The baby drank her milk.

SENTENCE - A group of words that makes sense all by itself. A sentence always begins with a capital letter, ends with a punctuation mark, and contains a subject and a predicate.
example: The brown dog chased the ball.
subject: The brown dog
predicate: chased the ball.

SIMPLE SENTENCE - A sentence with one subject and one predicate.
example: The flower is red.
A simple sentence can also have a plural subject and/or a plural predicate.
examples: plural subject:
The two friends went to the store.
plural predicate:
The dog jumped and barked.

COMPOUND SENTENCE - A sentence containing two or more simple sentences, joined together by a comma or a conjunction.
example: Mike likes to skate and his sister likes to watch.

COMPLEX SENTENCE - A sentence consisting of one independent clause and two or more dependent clauses.
example: We will eat lunch when the bell rings or when we get hungry.

DECLARATIVE SENTENCE - A sentence that states an opinion or fact.
examples: My teacher is nice. My book has 48 pages.

IMPERATIVE SENTENCE - A sentence that gives a command.
examples: Take home your workbook.
Be kind to your brother.

INTERROGATIVE SENTENCE - A sentence that asks a question and ends with a question mark.
examples: How far can you run? What time is it?

PARAGRAPH - One or more sentences in a group related to the same idea or topic. (The first sentence of a paragraph is usually indented.)
example:
The name of my school is Madison Middle School. It is located on Pine Street, just down from my house. It has a large playground and twelve classrooms. It is a great place for children to learn and study.

കവിത

# വേരറ്റ മരം




ആഷ്ബി IX.B

ഒരു കൊഴിഞ്ഞ മയിൽപ്പീലി...
മണ്ണ് കേറി അടഞ്ഞ ദ്വാരങ്ങളുള്ള ഒരു മുളം തണ്ട്
മഴ കാക്കും മരങ്ങൾ കൊഴിച്ചിട്ട
ചില്ലകൾ, ഇലകൾ, കായകൾ...
അവയവ ഭംഗിയറ്റ സാലഭഞ്ജികകൾ...
ചുവരുകൾ ഇടിഞ്ഞു നിലം പൊത്തിയ
പ്രതിഷ്ഠ ഇല്ലാത്ത പുരാതന ക്ഷേത്രം
കൽത്തൂണുകളിൽ പഴമയുടെ കോറിവരശ്ശലുകൾ
വേരുകളിലേക്ക് പടർന്ന് ഇറങ്ങിയ വയസ്സൻ വള്ളികൾ
ഊഞ്ഞാൽ തീർക്കുന്ന ആൽമരമുത്തശ്ശൻ...
എല്ലാം പഴക്കം ചെന്ന് എന്റെ ഓർമ്മകൾ പോലെ
ഇവിടെയാണ് ഞാൻ എന്നെ ഉപേക്ഷിച്ചത് നിന്നോടൊപ്പം...
ഇപ്പോൾ ഈ വയസ്സന്റെ നെഞ്ചിൽ
ഒരോർമ്മത്തെറ്റ് പോലെ നീയുണ്ട്...
കറുത്ത് കരിവാളിച്ച ചുണ്ടുകളിലിപ്പോൾ
ഈറൻ മാറാത്ത അവസാന ചുംബനവുമുണ്ട്.
കാലുകൾക്കൊണ്ടും കൈകൾക്കൊണ്ടും
ചികഞ്ഞുമടുത്തിട്ടും പിടിതരാതെ മാറ്റി വച്ച
കാലത്തിൻ കൈമുദ്രകളെ, തിരുശേഷിപ്പുകളെ
ഇനി എവിടെയാണ് ഞാൻ തേടേണ്ടത്...
എനിക്കായ് എന്തെങ്കിലും ആ ഭൂവിൽ അവശേഷിക്കുന്നുണ്ടോ?
ഒരു കൊഴിഞ്ഞ മയിൽപ്പീലി...
മണ്ണ് കേറി അടഞ്ഞ ദ്വാരങ്ങളുള്ള ഒരു മുളം തണ്ട്
മഴ കാക്കും മരങ്ങൾ കൊഴിച്ചിട്ട
ചില്ലകൾ, ഇലകൾ, കായകൾ...

കഥ

# യഥാർത്ഥ തിളക്കം

ആൽഫിയ ഷാജഹാൻ




ഹാരി അന്ന് കരഞ്ഞുകൊണ്ടാണ് സ്ക്രൂളിൽ നിന്ന് വീട്ടിൽ എത്തിയത്. എന്തുപറ്റി? ഹാരിയുടെ ചേട്ടൻ ഹെൻട്രി അന്വേഷിച്ചു. കണക്കിന് രണ്ട് മാർക്ക് കുറഞ്ഞു, ഹാരി പറഞ്ഞു. ഇത് കേട്ട് ഹെൻട്രി ചിരിച്ചു. രണ്ട്മാർക്കല്ലേ, സാരമില്ല. പക്ഷെ ചേട്ടാ ജോയിക്ക് മുഴുവൻ മാർക്കും കിട്ടി. ടീച്ചർ അവന് സമ്മാനവും കൊടുത്തു. അന്ന് പരീക്ഷക്ക് അവൻ നോക്കി എഴുതുന്നത് ഞാൻ കണ്ടതാണ്, ഹാരി കണ്ണീരോടെ പരാതി പറഞ്ഞു. ഹെൻട്രി ഒന്നും തന്നെ മിണ്ടിയില്ല. മറ്റാരെങ്കിലും ക്രൂടുതൽ മാർക്ക് വാങ്ങുന്നത് ഹാരിക്ക് പ്രശ്നമല്ല. പക്ഷെ കളവിലൂടെ മുന്നിലെത്തിയതാണ് അവനെ വിഷമിപ്പിച്ചിരിക്കുന്നത്. അന്ന് രാത്രി ഹെൻട്രി ഹാരിയെയും ക്രൂട്ടി വീടിന് പുറത്തേക്കിറങ്ങി.നിലാവുള്ള രാത്രി അവർ മുറ്റത്ത് പുല്ലിൽ ഇരുന്നു. ഹെൻട്രി ആകാശത്തേക്ക് ചൂണ്ടി ഹാരി, നോക്ക്...എന്ത് ഭംഗി അല്ലേ. എത്ര മിന്നാമിനുങ്ങുകളാണ്, നല്ല രസം... മാർക്കിന്റെ കാര്യങ്ങളെല്ലാം മറന്ന് ഹാരി പുഞ്ചിരിച്ചു. അപ്പോൾ ഹെൻട്രി പറഞ്ഞു. അതേ, നമ്മൾ ആദ്യം ശ്രദ്ധിക്കുന്നത് മിന്നാമിനുങ്ങുകളെയാണ് എന്നാൽ അതിനുമപ്പുറം അതിനേക്കാൾ ഭംഗിയിൽ തിളങ്ങുന്നത് നക്ഷത്രങ്ങളെയല്ലേ? കള്ളത്തിലൂടെ നേടുന്ന വിജയം മിന്നാമിനുങ്ങുകളെപ്പോലെയാണ്, എല്ലാരും പെട്ടെന്ന് ശ്രദ്ധിക്കും. പക്ഷെ ഏതാനും ദിവസങ്ങൾ മാത്രമേ ഉള്ളൂ അതിന്റെ ആയുസ്സ്. കഠിനാധ്വാനത്തിലൂടെ ലഭിക്കുന്ന യഥാർത്ഥ വിജയമോ? അത് നക്ഷത്രം പോലെയാണ്. കോടിക്കണക്കിന് വർഷങ്ങൾ അത് തിളങ്ങി നിൽക്കും. അത്കേട്ട് ഹാരി ചേട്ടനെ നോക്കി പുഞ്ചിരിച്ചു. അവന്റെ സങ്കടങ്ങൾ മാറിക്കഴിഞ്ഞിരുന്നു.

കഥ

# രാജകുമാരിയായ പെൺകുട്ടി

ഷഹാന IX.B



പണ്ട് ധർമദത്തൻ എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന് മക്കളുണ്ടായരുന്നില്ല.രാജ്ഞിയുടെ ആഗ്രഹപ്രകാരംധർമദത്തമഹാരാജാവ്ഒരു പെൺകുട്ടിയെ ദത്തെടുക്കാൻ തീരുമാനിച്ചു.

ധാരാളം പെൺകുട്ടികൾ രാജാവിന്റെ വിളംബരം കേട്ട് രാജധാനിയിൽ എത്തി. രാജാവ് അവർക്കെല്ലാം ഓരോ സ്വർണനാണയം കൊടുത്തിട്ട് ഇഷ്ടമുള്ളത് വാങ്ങിക്കൊള്ളാൻ പറഞ്ഞു. ചില കുട്ടികൾ കളിപ്പാട്ടങ്ങൾ വാങ്ങി. മറ്റു ചിലർ വർണശബളമായ വസ്ത്രങ്ങൾ വാങ്ങി. വളയും മാലയും വാങ്ങിയവ രായിരുന്നു അധികവും. എന്നാൽ ഒരു പാവപ്പെട്ട പെൺകുട്ടി വാങ്ങിയത് 3 സാധനങ്ങളായിരുന്നു. ഒരു പേന, ഒരു സൂചി, ഒരു പ്രാർത്ഥന പുസ്തകം എന്നിവയായിരുന്നു. ആ പെൺകുട്ടിയെ രാജാവിന് ഇഷ്ടമായി. വാങ്ങിയ സാധനങ്ങളെപ്പറ്റി രാജാവ് ചോദിച്ചു. അപ്പോൾ അവൾ പറഞ്ഞു "പേന പഠിക്കാനാണ്, സൂചിവസ്ത്രങ്ങളുണ്ടാക്കാനാണ്, പ്രാർത്ഥന പുസ്തകം പ്രാർത്ഥിക്കാനാണ്". അവളുടെമറുപടി കേട്ട ധർദത്ത രാജാവിന് വളരെ അധികം ഇഷ്ടമായി.

ധർമദത്തമഹാരാജാവ് ആ പാവപ്പെട്ട പെൺകുട്ടിയെ ദത്തെടുത്ത് രാജകുമാരിയായി വളർത്തി

ലേഖനം

നസ്റീൻ എസ്സ്.

# ശാന്തമല്ല കടൽ

രണ്ട് വർഷം മുൻപ് ഓഖി ചുഴലിക്കാറ്റിൽ 52 പേർ മരിക്കുകയും 91 പേരെ കാണാതാവുകയും ചെയ്തപ്പോൾ ശാസ്ത്രലോകം ഒരു മുന്നറിയിപ്പ് തന്നു, അറബിക്കടൽ പഴയ അറബിക്കടലല്ല. ഇനി ചുഴലിക്കാറ്റ് അടിക്കടി ഉണ്ടാകാം. സാഗറും മേകനുവും കേരളത്തെ കാര്യമായി ബാധിച്ചില്ലെങ്കിലും കരുതിയിരുന്നേ മതിയാകൂ എന്നതിന്റെ സൂചനകളാണിത്.

അറബിക്കടലിൽ താപനില വർധിക്കുന്നതാണ് ചുഴലി സാധ്യത കൂട്ടുന്നത്. ശരാശരി മുപ്പത് ഡിഗ്രി വരെ ചൂട് പിടിച്ച് കിടക്കുന്ന അറബിക്കടലിൽ വൻ നഗരങ്ങളിൽ നിന്നുള്ള കാർബൺ പുറന്തള്ളൽ മൂലം ചൂട് പിന്നെയും കൂടുന്നു. ഓക്സിജന്റെ അളവ് കുറയുന്നത് മൂലം അറബിക്കടലിന്റെ പലഭാഗങ്ങളിലും മൃത



മേഖലങ്ങൾ രൂപപ്പെടുന്നു. മത്സ്യങ്ങൾ ചത്ത് പൊങ്ങുന്നതിനൊപ്പം ചെറിയ ജീവികളും കടൽ സസ്യങ്ങളും പവിഴപ്പുറ്റുകളും നശിക്കും. ആഗോള താപനത്തിന് പുറമെ വൻ നഗരങ്ങളിൽ നിന്നുള്ള ഓടജലം, മത്സ്യഫാമുകളിൽനിന്നുള്ള പുറന്തള്ളൽ തുടങ്ങിപ്ലാസ്റ്റിക്ക് വരെയുള്ള മാലിന്യങ്ങൾ കുന്ന് കൂടുന്നത് ആണ് സമുദ്ര ഘടനയിലെ രാസമാറ്റത്തിന് പിന്നിൽ.

അറിവരങ്ങ്

# പ്രത്യൂഷ് സൂപ്പറാണ്!!

ഇൻഡ്യയുടെ ഏറ്റവും വേഗതയുള്ള സൂപ്പർ കമ്പ്യൂട്ടറാണ് പ്രത്യൂഷ്. പൂണെ ഇന്ത്യൻ




ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രോപ്പിക്കൽ മെറ്റിയൊറോളജിയിലെ ഹൈ പെർഫോർമെൻസ് കമ്പ്യൂട്ടിങ്ങ് ഫെസിലിറ്റിയിലാണ് പ്രത്യൂഷ് സ്ഥാപിച്ചിരിക്കുന്നത്. 6.8 പെറ്റാഫ്ലോപ്പ് വേഗമുള്ളതാണ് പ്രത്യൂഷ്. ഒരു പെറ്റാഫ്ലോപ്പ്സ് എന്നാൽ സെക്കൻഡിൽ 1015 ദശസംഖ്യാ ക്രിയകളാണ്.

## സോഫിയ ഇൻഡ്യയിൽ...



കൃത്രമബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) സാങ്കേതികവിദ്യ അടിസ്ഥാനമാക്കി നിർമിച്ച യന്ത്രമനുഷ്യനാണ് സോഫിയ. സംസാരിക്കാനും വികാരങ്ങൾ പ്രകടിപ്പിക്കാനും കഴിവുള്ള ഹ്യൂമനോയ്ഡ് റോബോട്ടാണ് ഇത്.ഹാൻസൻ റോബോട്ടിക്സാണ്സോഫിയയുടെ നിർമാതാക്കൾ. ഒരു രാജ്യം പൗരത്വം നൽകുന്ന ആദ്യത്തെ റോബോട്ടാണ് സോഫിയ . സൗദിയിൽ നടക്കുന്ന ദാവിനിക്ഷേപസംരംഭ സമ്മേളനത്തിൽ വച്ച് 2017 ഒക്ടോബർ 25 നാണ്സൗദി സർക്കാർ സോഫിയക്ക് പൗരത്വം നൽകിയത്. 2018 ജൂലൈയിൽ ഇൻഡ്യ സന്ദർശിച്ച സോഫിയ, ഇൻഡ്യ വർണ്ണാഭവും വ്യത്യസ്തത നിറഞ്ഞതുമായ രാജ്യമാണെന്ന് പറഞ്ഞു.

ലേഖനം

# ജലസംഭരണികൾ ജീവധാരകൾ



സഫ റഹ്മത്ത്

നദികളും പുഴകളും തോടുകളും വയലുകളും നമ്മുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. അവ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. കുളത്തിലെ കുളിയും അലക്കും ഇന്ന് സിനിമകളിൽ പോലും ഇല്ലാതായി. മഴ കുറഞ്ഞു. മഴവെള്ള സംഭരണികളായ വയലും തോടും കനാലും നദിയും വറ്റി ഭാരതപ്പുഴയും പരിയാറും വേനലിൽ വരണ്ട് പോകുന്നു.

വെള്ളമില്ലാതെ ജീവിക്കാൻ സാധിക്കുമോ? ഇല്ല. അപ്പോൾ അതാണ് പോംവഴി. മഴവെള്ളം സംഭരിച്ച് സൂക്ഷിക്കുക. വയലുകളും കുളങ്ങളും തണ്ണീർത്തടങ്ങളും ജല സംഭരണികളായി മാറട്ടെ. മഴവെള്ളം ഒഴുകി പോകാതെ മണ്ണിലേക്ക് ഇറങ്ങാൻ അനുവദിക്കുക. ഇതിനായി മഴക്കുഴികൾ ഉണ്ടാക്കാം.

ഈ മഴസംഭരണികൾക്കാണ് വെള്ളത്തിനായി ഇനി നാം ആശ്രയിക്കേണ്ടത്. കുപ്പിവെള്ളം പലതരം ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകാം. വീട്ടിലും സ്ക്കൂളിലും ശുദ്ധജലം കരുതി വെച്ച് കുടിക്കുക. വെള്ളം നാളേക്കായി നമുക്ക് കരുതി വെക്കാം...

# ശബരിമല ശ്രീ ധർമ്മശാസ്താക്ഷേത്രം.


കേരളത്തിലെ പത്തനംതിട്ട ജില്ലയിൽ പശ്ചിമഘട്ടത്തിന്റെ ഭാഗമായ പെരിയാർ കടുവ സംരക്ഷിത പ്രദേശത്തിൽ സ്ഥിതിചെയ്യുന്ന ഒരു ഹൈന്ദവ ക്ഷേത്രമാണ് ശബരിമല ശ്രീ ധർമ്മശാസ്താക്ഷേത്രം. ഒരു പ്രത്യേക കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ ഭക്തരെത്തുന്ന ലോകത്തിലെതന്നെ ഏറ്റവും വലിയ ക്ഷേത്രങ്ങളിലൊന്നാണ് ശബരിമല. ഏകദേശം മൂന്ന കോടിയിലധികം പേരാണ് ഓരോ വർഷവും ഇവിടം സന്ദർശിക്കുന്നത്. ചില കണക്കുകൾ ഇവ അഞ്ചു കോടിയോളം വരുമെന്ന പറയുന്നു. അയ്യപ്പന്റെ പ്രതിഷ്ഠയുള്ള ഈ ക്ഷേത്രത്തിൽ ശിവൻ, വിഷ്ണു എന്നിവരുടെ പുത്രനായ അയ്യപ്പനാണ് പ്രതിഷ്ഠ എന്നാണ് വിശ്വസിക്കുന്നത്. ശബരിമലയിലെ ആചാരങ്ങൾ ശൈവമതം, വൈഷ്ണവമതം, ശക്തി, ശ്രമണ എന്നിവയുടെ ഒരു സമ്മിശ്രണമാണ്.



സമുദ്രനിരപ്പിൽ നിന്നും ഏകദേശം 480 മീറ്റർ (1,574 അടി) ഉയരത്തിൽ 18 മലകൾക്കു നടുവിലായാണ് ശബരിമല ക്ഷേത്രം സ്ഥിതിചെയ്യുന്നത്. നാനാ ജാതിമതസ്ഥർക്കും ഇവിടെ പ്രവേശനം അനുവദിനീയമാണ്. എന്നാൽ ഇരുമുടിക്കെട്ടുമായി വരുന്നവരെ മാത്രമെ പവിത്രമായ 18 പടികൾ കയറാൻ അനുവദിക്കൂ. "നെയ്യഭിഷേകമാണ്" ഈ ക്ഷേത്രത്തിലെ പ്രധാന വഴിപാട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ളതാണ് ഈ ക്ഷേത്രം. ദേവസ്വം ബോർഡിനു കീഴിൽ ഏറ്റവും കൂടുതൽ വരുമാനമുള്ള ക്ഷേത്രമാണിത്.

മറ്റു ക്ഷേത്രങ്ങളിലെപ്പോലെ വർഷത്തിൽ എല്ലാ ദിവസവും ഇവിടെ പൂജയോ തീർത്ഥാടനമോ നടക്കുന്നില്ല. നവംബർ-ഡിസംബർ മാസങ്ങളിൽ, വൃശ്ചികം ഒന്നുമുതൽ ധനു പതിനൊന്നുവരെ നീളുന്ന, മണ്ഡലക്കാലം എന്നറിയപ്പെടുന്ന 41 ദിവസങ്ങളാണ് ശബരിമലയിലെ പ്രധാന തീർത്ഥാടനകാലയളവ്. ഇതിനുപുറമേ എല്ലാ മലയാളമാസങ്ങളിലേയും ആദ്യത്തെ അഞ്ചുദിവസങ്ങളിലും ഇവിടെ സന്ദർശനമനുവദിക്കുന്നു.


# 2018 KERALA FLOODS



Muhammad Najum

IX. C





From 9 august 2018, severe floods affected the South Indian state of Kerala, due to unusually high rainfall during the monsoon season. It flood in Kerala in nearly a century. Over 483 people were evacuated, mainly from Chengannur, Pandanad, Edanad, Aranmula, Kozhencherry, Ayroor, Ranni, Pandalam, Kuttanad, Malappuram, Aluva, Chalakudi, Thiruvalla, Eraviperoor, Vallamkulam, North Paravoor, Vypin Island and Palakkad. All 14 districts of Kerala were placed on red alert. According to the Kerala government, one-sixth of the total population of kerala had been directly affected by the floods and related incidents. The Indian government had declared it as a level 3 calamity or a calamity of severe nature. It is the worst flood in Kerala, after the great flood of '99 that took place in 1924.






നന്ദി.........
ലിറ്റിൽ കൈറ്റ്സ് ഐ.റ്റി. ക്ലബ്ബ് അംഗങ്ങളുടെ ആദ്യ സംരംഭമാണ് "വിരൽത്തുമ്പിൽ "എന്ന ഡിജിറ്റൽ മാഗസിൻ. . ഈ മാഗസിനുവേണ്ടി പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അധ്യാപകർക്കും....